പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 593

10/7/2012- ൽ മറുപടിയ്ക്ക്

## അറവുശാലകളുടെയും ശ്മശാനങ്ങളുടെയും ആധുനികവൽക്കരണം

ചോദ്യം

ശ്രീ.ഷാഫി പറമ്പിൽ :
ശ്രീ.റ്റി.എൻ. പ്രതാപൻ:
ശ്രീ.ഐ.സി.ബാലകൃഷ്ണൻ:
ശ്രീ.അൻവർ സാദത്ത്

ഉത്തരം

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ അറവുശാലകളും ശ്മശാനങ്ങളും ആധുനികവത്കരിക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത് ;

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166-ാം വകുപ്പ് 1-ാം പട്ടികയിൽ 18-മത് ഇനമായി ശ്മശാനങ്ങളും ശവപ്പറമ്പുകളും സ്ഥാപിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരോ ഗ്രാമപഞ്ചായത്തിലും പൊതുശ്മശാനങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് 12-ാം പദ്ധതി മാർഗ്ഗ നിർദ്ദേശ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. സംസ്ഥാനത്ത് 507 ഗ്രാമപഞ്ചായത്തുകളിലാണ് നിലവിൽ പൊതുശ്മശാനങ്ങൾ ഉള്ളത്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നത് ഉറപ്പു വരുത്തുന്നതിലേയ്ക്ക് സർക്കാർ ധനസഹായം നൽകി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്യാസ്, ഇലക്ട്രിക്കൽ ക്രിമിറ്റോറിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണ് തയ്യാറാക്കുന്നത്.

ഗ്രാമപഞ്ചായത്തുകളിൽ നവീന അറവുശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ശുചിത്വ മിഷനെ നോഡൽ ഏജൻസിയായി സർക്കാർ നിയോഗിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന നടപടികൾ വീക്ഷിക്കുന്നതിനും അവയുടെ

| | | | |
|---|---|---|---|
| | | | പുരോഗതി വിലയിരുത്തുന്നതിനും നഗര കാര്യ ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടർ എന്നിവർ അംഗങ്ങളായും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ കൺവീനറായും ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും അനുയോജ്യമായ രണ്ട് മോഡലുകൾ തയ്യാറാക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകി പദ്ധതി തയ്യാറാക്കിച്ച് ശുചിത്വ മിഷനിൽ നിന്നും സാങ്കേതിക അനുമതി ലഭ്യമാക്കാനും നടപടി എടുത്തിട്ടുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ശാസ്ത്രീയമായ രീതിയിൽ അറവുശാലകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി എന്തുതുക ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ ; | (ബി) | പൊതുശ്മശാനങ്ങളും അറവുശാലകളും സ്ഥാപിക്കുന്നതിന് എത്രമാത്രം തുക ആവശ്യമായി വരും എന്നത് തിട്ടപ്പെടുത്തിയിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തിൽ പൊതുശ്മശാന നിർമ്മാണത്തിന് 10 ലക്ഷം രൂപ വീതം 50 ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നതിനും അറവുശാല നിർമ്മാണത്തിന് 20 ലക്ഷം രൂപ വീതം 25 ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) | സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ ഇവയുടെ നിർമ്മാണത്തിനാവശ്യമായ മുഴുവൻ തുകയും നൽകുന്ന കാര്യം ആലോചിക്കുമോ ? | (സി) | പൊതുശ്മശാന നിർമ്മാണത്തിന് ഒരു ഗ്രാമപഞ്ചായത്തിന് 10 ലക്ഷം രൂപയും അറവുശാല നിർമ്മാണത്തിന് 20 ലക്ഷം രൂപയും സർക്കാർ ധനസഹായമായി നൽകുന്നുണ്ട്. |

Farhad M

സെക്ഷൻ ഓഫീസർ